ഉല്പാദനക്ഷമത കൈവരിക്കുന്നത് ഉറപ്പാക്കുവാനും നടപടി സ്വീകരിച്ചു. നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് തൊഴിലാളികൾക്കുള്ള ബോണസ് കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുള്ള സമയ പരിധി ദീർഘിപ്പിച്ചു നൽകിവരുന്നു.

പ്ലാന്റേഷൻ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഇടപെടണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ഒരു നിവേദനംവഴി ആവശ്യപ്പെട്ടതിന്റെ ഫലമായി ടീ മാർക്കറ്റിംഗ് കൺട്രോൾ ഓർഡർ 2003 നടപ്പാക്കിയതിലൂടെ തേയില ലേല നിയമത്തിന് കാര്യമായ പരിഷ്ക്കാരങ്ങൾ കൊണ്ടുവരാൻ കേന്ദ്ര വാണിജ്യ മന്ത്രാലയം നടപടി സ്വീകരിച്ചു. കേന്ദ്ര ധനമന്ത്രാലയം കിലോയ്ക്ക് ഒരു രൂപ നിരക്കിൽ എക്സൈസ് ഡ്യൂട്ടി ഇളവ് പ്രഖ്യാപിക്കുകയും പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ടിന് താങ്ങു നൽകുവാൻ സർചാർജ്ജ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തോട്ടം മേഖലയിൽ 1-4-2002 മുതൽ കുടിശ്ശികയായ ഡി.എ., കാർഡമം പ്ലാന്റേഷനുകളിൽ 1-10-2003 മുതൽ കുടിശ്ശിക കൊടുക്കാൻ ധാരണയായിട്ടുണ്ട്.

തൊഴിൽ സമരംമൂലം അടച്ചുപൂട്ടിയ സ്ഥാപനങ്ങൾ

87 [1226] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 33 മാസത്തിനുള്ളിൽ തൊഴിൽ സമരംമൂലം എത്ര വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാനത്ത് അടച്ചുപൂട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) എത്ര തൊഴിൽ സമരങ്ങൾ സംസ്ഥാനത്ത് ഈ കാലയളവിൽ ഉണ്ടായിട്ടുണ്ട്;

(സി) ഈ കാലയളവിൽ തൊഴിൽ വകുപ്പ് മുൻകൈ എടുത്ത് ഉണ്ടാക്കിയിട്ടുള്ള തൊഴിൽ തർക്ക എഗ്രിമെന്റുകൾ എത്രയാണെന്ന് പറയാമോ;

(ഡി) തൊഴിലാളികളുടേതല്ലാത്ത കാരണങ്ങളാൽ എത്ര സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിൽ 1000-ൽ കൂടുതൽ പേർ തൊഴിലെടുക്കുന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ ഉണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 8 സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്.

(ബി) 98 തൊഴിൽ സമരങ്ങൾ ഉണ്ടായിട്ടുണ്ട്.

(സി) 9,618 തൊഴിൽ തർക്ക എഗ്രിമെന്റുകൾ ഉണ്ടാക്കിയിട്ടുണ്ട്.

(ഡി) 24 സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്.

(ഇ) ഒന്നുമില്ല.

പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി എന്നിവ നൽകാതെ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയ തോട്ടം മാനേജ്മെന്റുകൾ

88 [1227] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly